REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 28-03-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചതോടെ സംസ്ഥാനത്ത് നാമനിർദ്ദേശ പത്രികാ സമർപ്പണം ആരംഭിച്ചു.
- കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 88 മണ്ഡലങ്ങളിൽ രണ്ടാം ഘട്ടത്തിൽ അടുത്ത മാസം 26 നാണ് വോട്ടെടുപ്പ്.
- കരസേനാ കമാൻഡർമാരുടെ സമ്മേളനം ന്യൂഡൽഹിയിൽ ആരംഭിച്ചു.
- യേശുദേവന്റെ അന്ത്യ അത്താഴ ഓർമ്മകളുമായി ക്രൈസ്തവർ ഇന്ന് പെസഹാ വ്യാഴം ആചരിക്കുന്നു.
- വയനാട്- മലപ്പുറം അതിർത്തിയായ പരപ്പൻപാറയിൽ കാട്ടാന ആക്രമണത്തിൽ ആദിവാസി സ്ത്രീ കൊല്ലപ്പെട്ടു.
- ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ് ഇന്ന് ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

## വാർത്തകൾ വിശദമായി

ലോക്സഭാ തിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചതോടെ സംസ്ഥാനത്ത് നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന് തുടക്കമായി. 20 ലോക്സഭാ മണ്ഡലങ്ങളിലും രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്ന് വരെയാണ് ബന്ധപ്പെട്ട വരണാധികാരി മുമ്പാകെ പത്രിക സമർപ്പിക്കേണ്ടത്. മൂന്ന് മുന്നണികളും സ്ഥാനാർത്ഥി പ്രഖ്യാപനം നേരത്തെ പൂർത്തിയാക്കിയ സാഹചര്യത്തിൽ പത്രികാ സമർപ്പണവും വൈകാതെ നടന്നേക്കും. അടുത്ത മാസം നാലു വരെയാണ് പത്രിക സമർപ്പിക്കാൻ സമയം. നാളെയും

ഞായറാഴ്ചയും, തിങ്കളാഴ്ചയും അവധിയായതിനാൽ പത്രികാ സമർപ്പണം ഉണ്ടാവില്ല.

കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 88 ലോക്സഭാ സീറ്റുകളിലേക്കും മണിപ്പൂർ ലോക്സഭാ മണ്ഡലത്തിന്റെ ബാക്കി ഭാഗങ്ങളിലേക്കും ആണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. ഔട്ടർ മണിപ്പൂർ മണ്ഡലത്തിന്റെ ഒരു ഭാഗത്താണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. കേരളത്തിൽ ഇരുപതും, കർണാടകയിൽ 14 ഉം, രാജസ്ഥാനിൽ 13 ഉം, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ എട്ട് വീതവും, മധ്യപ്രദേശിൽ ഏഴും, അസമിലും ബീഹാറിലും അഞ്ച് വീതവും പശ്ചിമ ബംഗാളിലും ഛത്തീസ്ഗഡിലും മൂന്ന് വീതവും മണിപ്പൂർ, ത്രിപുര, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ ഓരോ സീറ്റിലുമാണ് ആദ്യഘട്ടത്തിൽ വിധിയെഴുത്ത്. അഞ്ചിനാണ് ജമ്മു കശ്മീർ ഒഴികെ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സൂക്ഷ്മപരിശോധന. എട്ടിന് പത്രിക പിൻവലിക്കാൻ സമയപരിധി അവസാനിക്കുന്നതോടെ ഓരോ മണ്ഡലത്തിലെയും തെരഞ്ഞെടുപ്പ് ചിത്രം വ്യക്തമാകും. ഏപ്രിൽ 26നാണ് വോട്ടെടുപ്പ്. ജൂൺ നാലിന് വോട്ടെണ്ണും.

✪✪✪

ലക്ഷദ്വീപ് ലോക്സഭാ മണ്ഡലത്തിൽ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി.

NCP ശരത് പവാർ പക്ഷത്തെ മുഹമ്മദ് ഫൈസൽ, കോൺഗ്രസിലെ ഹംദുള്ളാ സെയ്ദ്, NDA സ്ഥാനാർത്ഥി NCP അജിത് പവാർ പക്ഷത്തെ യുസഫ് സഖാഫി, കക്ഷി രഹിത സ്ഥാനാർത്ഥി K. കോയ എന്നിവരാണ് മത്സരരംഗത്ത്. അടുത്ത മാസം 19 നാണ് വോട്ടെടുപ്പ്.

✪✪✪

ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ബീഹാറിലെ, ഗയ, ഔറംഗബാദ്, നവാഡ, ജമുയി പാർലമെന്റ് മണ്ഡലങ്ങളിൽ നാമനിർദ്ദേശ പത്രികസമർപ്പണം ഇന്ന് അവസാനിക്കും. ഹോളി, ബിഹാർ സ്ഥാപക ദിനം എന്നിവയുമായി ബന്ധപ്പെട്ട അവധികൾ കാരണമാണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ സമയ പരിധി ഒരു ദിവസം നീട്ടിയത്.

✪✪✪

മലപ്പുറം ലോക്സഭാ മണ്ഡലത്തിൽ സംസ്ഥാനത്തെ മറ്റ് മണ്ഡലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ തെരഞ്ഞെടുപ്പിൽ സജീവ ചർച്ചയാകുന്നത് പ്രദേശിക വികസനത്തേക്കാളേറെ ദേശീയ വിഷയങ്ങളാണ്- പ്രത്യേകിച്ച് CAA.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാപ്രതിനിധി എം സുരേഷ് ബാബു.

..................(വോയ്സ്)...................

✪✪✪

കരസേനാ കമാൻഡർമാരുടെ സമ്മേളനം ന്യൂഡൽഹിയിൽ ആരംഭിച്ചു. ഹൈബ്രിഡ് മോഡിലാണ് സമ്മേളനം ചേരുന്നത്. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് സമാപന ദിവസമായ ചൊവ്വാഴ്ച സമ്മേളനത്തെ അഭിസംബോധന ചെയ്യും. മുതിർന്ന സൈനിക ഉദ്യോഗസ്ഥരുമായി അദ്ദേഹം ആശയ വിനിമയം നടത്തും.

ഇന്ന് കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ, കമാൻഡ് ആസ്ഥാനങ്ങളിൽ നിന്ന് വെർച്ച്വലായി പങ്കെടുക്കുന്ന സൈനിക കമാൻഡർമാരുമായി സംവദിക്കും. തിങ്കളാഴ്ച കരസേനയിലെ മുതിർന്ന ഉദ്യോഗസ്ഥർ സെഷനുകളിൽ സംബന്ധിക്കും.

✪✪✪

ഉക്രൈൻ വിദേശകാര്യ മന്ത്രി ദിമിത്രിയോ കുലേബ രണ്ട് ദിവസത്തെ സന്ദർശനത്തിന് ന്യൂഡൽഹിയിൽ എത്തി. വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. കൂടിക്കാഴ്ചയിൽ ഇരുരാജ്യങ്ങളും തമ്മിൽ പരസ്പര സഹകരണത്തെക്കുറിച്ചും മറ്റു ആഗോള വിഷയങ്ങൾ സംബന്ധിച്ചും ആശയവിനിമയം നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം പുതുക്കി കേന്ദ്രം വിജ്ഞാപനം പുറപ്പെടുവിച്ചു. കേരളത്തിൽ തൊഴിലാളികളുടെ വേതനം 333 രൂപയിൽ നിന്ന് 346 രൂപയായി വർദ്ധിച്ചു. ഹരിയാനയിൽ 374 ഉം, കർണ്ണാടകയിൽ 349 ഉം, ഗോവയിൽ 356 ഉം പഞ്ചാബിൽ 322 രൂപയും തൊഴിലാളികൾക്ക് വേതനമായി ലഭിക്കും. അടുത്തമാസം ഒന്നു മുതൽ ഇതിന് പ്രാബല്യമുണ്ടാകുമെന്ന് ഗ്രാമ വികസന മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ വർഷം മാർച്ച് മാസത്തിലാണ് ഇതിന് മുമ്പ് വേതനം പുതുക്കി നിശ്ചയിച്ചത്.

✪✪✪

2022-ൽ ആഗോളതലത്തിൽ ഉൽപ്പാദിപ്പിച്ച ഭക്ഷണത്തിന്റെ 19 ശതമാനം ലോകം പാഴാക്കിയതായി ഭക്ഷ്യ മാലിന്യ സൂചിക റിപ്പോർട്ട്. ഓരോ വ്യക്തിയും പ്രതിവർഷം 79 കിലോഗ്രാം ഭക്ഷണം പാഴാക്കുന്നുവെന്നും ഇത് ലോകമെമ്പാടും പ്രതിദിനം പാഴാക്കുന്ന ഒരു ബില്യൺ ഭക്ഷണത്തിന് തുല്യമാണെന്നുമാണ് ഗവേഷകരുടെ കണ്ടെത്തൽ. ലോകത്ത് 783 ദശലക്ഷം

ആളുകൾ വിട്ടുമാറാത്ത പട്ടിണിയും പല സ്ഥലങ്ങളും ആഴത്തിൽ ഭക്ഷ്യ പ്രതിസന്ധികളും അഭിമുഖീകരിക്കുന്ന സമയത്താണ് റിപ്പോർട്ട്.

✪✪✪

അടുത്ത അധ്യയന വർഷം മുതൽ PHD പ്രോഗ്രാമുകളിലേക്ക് പ്രവേശന പരീക്ഷകൾക്ക് പകരം നെറ്റ് സ്കോർ ഉപയോഗിക്കാൻ സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയതായി UGC ചെയർമാൻ മമിദാല ജഗദേഷ് കുമാർ അറിയിച്ചു.

ജൂണിലെ നെറ്റ് പരീക്ഷയ്ക്ക് അടുത്ത ആഴ്ചയോടെ അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞേക്കുമെന്നും ദേശീയ ടെസ്റ്റിംഗ് ഏജൻസി ഇതിന് തയ്യാറെടുപ്പുകൾ നടത്തി വരികയാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ലോകമെമ്പാടും ക്രൈസ്തവർ ഇന്ന് പെസഹാ വ്യാഴം ആചരിക്കുന്നു. യേശു ദേവന്റെ അന്ത്യ അത്താഴത്തിന്റെയും കാൽ കഴുകൽ ശുശ്രൂഷയുടെയും ഓർമ്മകളുമായാണ് പെസഹാ വ്യാഴം ആചരിക്കുന്നത്. ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ചടങ്ങുകളും നടന്നു. കുരിശു മരണത്തിന് മുമ്പ് തന്റെ 12 ശിഷ്യൻമാർക്കൊപ്പം അത്താഴ വേളയിൽ ശിഷ്യൻമാരുടെ പാദങ്ങൾ കഴുകി ചുംബിച്ചതിന്റെ സ്മരണയിൽ ദേവാലയങ്ങളിൽ കാൽകഴുകൽ ശുശ്രൂഷയും നടന്നു.

നാളെ യേശു ക്രിസ്തുവിന്റെ കുരിശു മരണം അനുസ്മരിച്ച് ദുഃഖ വെള്ളിയും മറ്റന്നാൾ ദുഃഖ ശനി ആചരണവും നടക്കും. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സ്മരണകളുണർത്തുന്ന ഈസ്റ്ററോടെ ഞായറാഴ്ച്ച വിശുദ്ധവാരാചരണം സമാപിയ്ക്കും. ഉയിർപ്പ് ഞായറോടെ അമ്പത് നോമ്പിനും സമാപനമാകും.

✪✪✪

അഹന്തയെ എളിമ കൊണ്ട് നേരിടുകയാണ് വേണ്ടതെന്ന് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. പെസഹ വ്യാഴത്തോടനുബന്ധിച്ച് തലശ്ശേരി സെന്റ് ജോസഫ് ദേവാലയത്തിൽ നടന്ന കാൽ കഴുകൽ ശുശ്രൂഷയക്ക് നേതൃത്വം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂർ ബർണ്ണശേരി ഹോളി ട്രിനിറ്റി ദേവാലയത്തിൽ ബിഷപ്പ് ഡോ.അലക്സ് വടക്കുംതല മുഖ്യകാർമികത്വം വഹിച്ചു.

✪✪✪

വയനാട് ജില്ലയിലെ വിവിധ ദേവാലയങ്ങളിൽ കാൽ കഴുകൽ ശുശ്രൂഷ നടന്നു. മാനന്തവാടി രൂപത ബിഷപ്പ് മാർ ജോസ് പൊരുന്നേടം കണിയാരം

കത്തീഡ്രൽ ദേവാലയത്തിലും ബത്തേരി ബിഷപ്പ് ഡോ: ജോസഫ് മാർ തോമസ് സുൽത്താൻബത്തേരി സെന്റമേരിസ് കത്തീഡ്രൽ ദേവാലയത്തിലും നേതൃത്വം നൽകി.

✪✪✪

കോഴിക്കോട് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ പെസഹ തിരുകർമ്മങ്ങളിൽ താമരശ്ശേരി ബിഷപ്പ് മാർ റെമീജീയോസ് ഇഞ്ചനാനിയൽ മുഖ്യകാർമികത്വം വഹിച്ചു. ദേവമാത കത്തീഡ്രലിൽ വൈകിട്ട് നടക്കുന്ന ചടങ്ങുകളിൽ ബിഷപ്പ് വർഗീസ് ചക്കാലക്കൽ കാർമികത്വം വഹിക്കും.

✪✪✪

വയനാട്- മലപ്പുറം അതിർത്തിയായ പരപ്പൻപാറയിൽ കാട്ടാന ആക്രമണത്തിൽ ആദിവാസി സ്ത്രീ കൊല്ലപ്പെട്ടു. മേപ്പാടി കാടശ്ശേരി പരപ്പൻപാറ കോളനിയിലെ മിനി ആണ് മരിച്ചത്. മിനിയുടെ ഭർത്താവ് സുരേഷിന് ഗുരുതരമായി പരുക്കേറ്റു. കാടിനുള്ളിൽ തേൻ ശേഖരിക്കാൻ പോയതായിരുന്നു ഇവർ. മേപ്പാടിയിൽ നിന്നും നിലമ്പൂരിൽ നിന്നും വനംവകുപ്പ് ഉദ്യോഗസ്ഥർ പ്രദേശത്തേക്ക് തിരിച്ചു.

✪✪✪

കോഴിക്കോട് പയ്യോളി അയനിക്കാട് അച്ഛനെയും രണ്ട് പെൺമക്കളെയും മരിച്ച നിലയിൽ കണ്ടെത്തി. പുതിയോട്ടിൽ സുമേഷ്, മക്കളായ ഗോപിക, ജ്യോതിക എന്നിവരാണ് മരിച്ചത്. രാവിലെ സുമേഷിനെ ട്രെയിൻ തട്ടിയ നിലയിലും, മക്കളെ വീടിനകത്തുമാണ് മരിച്ച നിലയിൽ കണ്ടെത്തിയത്.

✪✪✪

ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസും ഡൽഹി ക്യാപിറ്റൽസും ഇന്ന് വൈകിട്ട് ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ ഏറ്റുമുട്ടും. മത്സരം വൈകിട്ട് 7.30ന് ആരംഭിക്കും.

ഇന്നലെ ഹൈദരാബാദ് രാജീവ് ഗാന്ധി ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് മുംബൈ ഇന്ത്യൻസിനെ 31 റൺസിന് പരാജയപ്പെടുത്തി.

✪✪✪

ഇന്ത്യൻ താരം PV സിന്ധു മാഡ്രിഡ് ഓപ്പൺ ബാഡ്മിന്റൺ വനിതാ സിങ്കിൾസ് പ്രീ ക്വാർട്ടറിൽ ഇന്ന് തായ്-വാന്റെ ഹുയാങ് യു സൺ മായി ഏറ്റുമുട്ടും.

പുരുഷ വിഭാഗം ഡബിൾസിൽ ഇന്ത്യയുടെ പ്രസാദ് ഗരഗ - സായി പ്രതീക് സഖ്യവും പ്രീ ക്വാർട്ടറിൽ പ്രവേശിച്ചിട്ടുണ്ട്.

**വനിതാ ഡബിൾസ് പ്രീ ക്വാർട്ടറിൽ ഇന്ന് ടണിഷ കാസ്ട്രൊ - അശ്വിനി പൊന്നപ്പ സഖ്യം ഓസ്ട്രേലിയൻ സഖ്യവുമായി മത്സരിയ്ക്കും.**

✪✪✪

**മിയാമി ഓപ്പൺ ടെന്നിസ് പുരുഷ വിഭാഗം ഡബിൾസ് സെമി ഫൈനലിൽ ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണ - ഓസ്ട്രേലിയയുടെ മാത്യു എബ്ദൻ സഖ്യം ഇന്ന് കളത്തിലിറങ്ങും. സ്പെയിൻ താരം മാർസൽ ഗ്രാനോലേഴ്സ് -അർജന്റീനയുടെ ഹൊറസിയോ സെബല്ലോസ് സഖ്യത്തെയാണ് ഇവർ നേരിടുക.**

**ഇന്ത്യൻ സമയം രാത്രി 10.30നാണ് മത്സരം.**

✪✪✪

**സ്വർണവില കൂടി. പവന് 280 രൂപ വർദ്ധിച്ച് 49,360 ആയി. ഗ്രാമിന് 6170 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.**

✪✪✪

**അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ, മാലിന്യസംഭരണ കേന്ദ്രങ്ങളിൽ തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിനു സ്വീകരിച്ച സുരക്ഷാ മുൻകരുതലുകളും സജ്ജീകരണങ്ങളും വിലയിരുത്തുന്നതിന് തദ്ദേശ ഭരണ വകുപ്പിന്റെ പ്രത്യേക സംഘം സംസ്ഥാനത്തെ 96 തദ്ദേശ സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധന നടത്തി. തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശാനുസരണം ഇന്റേണൽ വിജിലൻസ് ഓഫീസർമാർ/അസിസ്റ്റൻറ് ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.**

✪✪✪